**അങ്കമാലി- ശബരി റെയിൽവേ പദ്ധതിയിൽ ഉൾപ്പെട്ട റെയിൽവേ അടിപ്പാലത്തിന്റെ അപ്രോച്ചിനായി അങ്കമാലി വില്ലേജിൽ ബ്ലോക്ക് നമ്പർ - 12 ൽ 253,254,250 എന്നി സർവെ നമ്പരുകളിൽപ്പെട്ട 00.02.00 ഹെക്ടർ സ്ഥലം RFCTLARR ACT 2013 പ്രകാരം ഏറ്റെടുക്കുന്നതിനായുള്ള പൊന്നും വില നടപടികളുടെ ഭാഗമായി എസ്.ഐ.എ. യൂണിറ്റായ യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷൻ ( YSSO) കോതമംഗലം സമർപ്പിച്ച സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ സമിതി തയ്യാറാക്കിയ അവലോകന റിപ്പോർട്ട്.**

അങ്കമാലി- ശബരി റെയിൽവേ പദ്ധതിയൽ ഉൾപ്പെട്ട റെയിൽവേ അടിപ്പാലത്തിന്റെ അപ്രോച്ചിനായി അങ്കമാലി വില്ലേജിൽ ബ്ലോക്ക് നമ്പർ -12 ൽ 253,254,250 എന്നി സർവ്വേ നമ്പരുകളിൽ പെട്ട 00.02.00 ഹെക്ടർ സ്ഥലം RFCTLARR ACT 2013 പ്രകാരം ഏറ്റെടുക്കുന്നതിനായി സതേൺ റെയിൽവേ ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ- 11, 01.12.2017 തിയതിയിലെ W. 271/CN/ERS/AFK-SAB/LA കത്ത് പ്രകാരം ഫോറം നമ്പർ -2 ൽ അർത്ഥന സമർപ്പിച്ചിട്ടുള്ളതാണ്. സംസ്ഥാന സർക്കാർ 04.06.2018 തിയതിയിലെ 1483 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള റവന്യൂ (ബി) വകുപ്പിന്റെ 21.05.2018 ലെ G.O.(P) No.26/2018RD വിജ്ഞാപനം പ്രകാരം സ്പെഷ്യൽ തഹസിൽദാർ (എൽ.എ) റെയിൽവേസ് പെരുമ്പാവൂർ-നെ ലാന്റ് അക്വസിഷൻ ഓഫീസറായി നിയമിച്ചിട്ടുള്ളതും, 20.07.2018 തിയതിയിലെ സി2-12783/2017 നമ്പർ ഫോറം-4 വിജ്ഞാപനപ്രകാരം, എസ്.ഐ.എ യൂണിറ്റായ യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷന് (YSSO) കോതമംഗലം എന്ന സ്ഥാപനത്തെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനായി നിയമിച്ചിട്ടുള്ളതുമാണ്. എസ്.ഐ.എ യൂണിറ്റ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം പൂർത്തിയാക്കി പഠന റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും RFCRLARR ACT 2013 ൽ സെക്ഷൻ 7 പ്രകാരവും ഗവൺമെൻറ് ഉത്തരവ് (പി) നമ്പർ 377/2016/ആർ.ഡി. തീയതി 29.06.2016 ലെ നിർദ്ദേശങ്ങൾ പ്രകാരവും ജില്ലാ കളക്ടർ 22.11.2018 ലെ സി2-12783/2017 നടപടിക്രമം പ്രകാരം വിദഗ്ദ സമിതി രൂപികരിക്കുകയും ചെയ്തിട്ടുള്ളതാണ്

# വിദഗ്ദ സമിതി

ചെയർമാൻ

സ്പെഷ്യൽ തഹസിൽദാർ ( എൽ.എ. ) റെയിൽവേസ്, പെരുമ്പാവൂർ.

അനൌദ്യോഗിക സാമൂഹിക ശാസ്ത്രജ്ഞർ

1. ഡോ. ഷീന രാജൻ ഫിലിപ്പ്.
   സാമൂഹിക പ്രവർത്തന വിഭാഗ തലവൻ, ഭാരത് മാതാ കോളേജ്, തൃക്കാക്കര.

2. ഡോ. ജോൺ എക്സ്. പാലക്കാപ്പിള്ളിൽ ( ഫാ. പ്രശാന്ത്)
   പ്രിൻസിപ്പൽ, സേക്രട്ട് ഹാർട്ട് കോളേജ്, തേവര

<u>പദ്ധതി ബാധിക്കപ്പെടുന്ന പ്രദേശത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ രണ്ട് പ്രതിനിധികൾ.</u>

1.ശ്രീ മതി എം.എ. ഗ്രേസി, ചെയർ പേഴ്സൺ, അങ്കമാലി നഗരസഭ.
2 എം.എസ് ഗിരിഷ് കുമാർ, മെമ്പർ, അങ്കമാലി നഗരസഭ.

<u>പുനരധിവാസ പ്രവർത്തനങ്ങളിൽ വിദഗ്ദരായ രണ്ടു പേർ</u>

1. ഡെപ്യൂട്ടി കളക്ടർ (പൊന്നും വില) എറണാകുളം .
2. സ്പെഷ്യൽ തഹസിൽദാർ ( എൽ.എ. )റെയിൽവേസ് പെരുമ്പാവൂർ.

**സാങ്കേതിക വിദഗ്ദൻ**

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, O/o ഡെപ്യൂട്ടി ചീഫ് എഞ്ചിനിയർ.

കൺസ്ട്രക്ഷന് 2, സതേൺ റെയിൽവേസ്, എറണാകുളം

വിദഗ്ദ സമിതി 07.12.20[illegible] ന് യോഗം ചേർന്ന് സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിശകലനം ചെയ്യുകയുണ്ടയുണ്ടായി. വിദഗ്ദ സമിതി അംഗങ്ങളുടെ സംശയ ദൂരികരണത്തിനായി എസ്.ഐ.എ പഠനം നടത്തിയ ടീമിനെ പ്രതിനിധാനം ചെയ്ത് ശ്രീ. ജിനു. ജോസഫ് യോഗത്തിൽ പങ്കെടുത്തു. ഈ പഠന റിപ്പോർട്ട് പ്രകാരം മേൽ ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ അലയൻമെന്റിൽ സർവ്വെ നമ്പർ 254,259 എന്നിവയിൽ പെട്ട ഭൂമികൾ ഉൾപ്പെടുന്നില്ലാ എന്നും 259/12, 259/1-2 എന്നി നമ്പരുകളിലെ ഭൂമി മാത്രമെ ഉൾപ്പെടുന്നുള്ളു എന്ന പരാമർശം ലാന്റ് അക്വസിഷൻ ഓഫീസർ കൂടിയായ ചെയർമാൻ യോഗത്തിൽ അറിയിക്കുകയും സാങ്കേതിക വിദഗ്ദനായ റെയിൽവേ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ

പൌലോസ് ടി അഭിപ്രായത്തോട് യോജിക്കുകയും ചെയ്തു. സർവ്വെ നമ്പർ 259/12 ലെ ശ്രീ എം.ജി. ശ്രീകുമാർ എന്ന സ്ഥലമുടമയുടെ ഭൂമി ടി പദ്ധതി മൂലം മുറിഞ്ഞ് ഒരുഭാഗം ഉപയോഗശൂന്യമായി അവശേഷിക്കും എന്ന പരാമർശത്തിൻമേൽ ബാക്കി സ്ഥലം കൂടി ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കണമെന്ന ഡെപ്യൂട്ടി കളക്ടർ അഭിപ്രായപ്പെടുകയും മറ്റ് അംഗങ്ങൾ ടി നിർദ്ദേശത്തോട് യോജിക്കുകയും ചെയ്തു.

അംഗീകൃത സ്വതന്ത്ര ഏജൻസിയെന്ന നിലയിൽ എസ്.ഐ.എ. യൂണിറ്റ് സമർപ്പിച്ചിട്ടുള്ള പഠന റിപ്പോർട്ടിൽ അൽപ്പം കൂടി, പ്രത്യേകിച്ച് സ്ഥലവിസ്തീർണ്ണങ്ങളെക്കുറിച്ചും മറ്റും വ്യക്തത വരുത്തണമെന്നും ശുപാർശകൾ നീതിയുക്തമായി പഠന റിപ്പോർട്ടിൽ രേഖപ്പെടുത്തണമെന്നും അനൌദ്യോഗിക സാമൂഹ്യ ശാസ്ത്രജ്ഞൻ ഫാദർ പ്രശാന്ത് യോഗത്തിൽ അഭിപ്രായപ്പെട്ടു.

സംസ്ഥാനത്തിന്റെ റെയിൽപ്പാത വികസനത്തിന്റെ പ്രധാന നാഴികകല്ലായി മാറുന്ന അങ്കമാലി-ശബരി റെയിൽ പദ്ധതി നടപ്പിലാകുമ്പോൾ, പുതിയ ലെവൽ ക്രോസ്സുകൾ പരമാവധി ഒഴിവാക്കുക എന്ന ഇന്ത്യൻ റെയിൽവെയുടെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുവാൻ നിർദ്ദിഷ്ട പദ്ധതി അനിവാര്യമാണെന്നും, നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഏറ്റവും ചെലവ് കുറഞ്ഞതും, അനുയോജ്യവമായ മറ്റൊരു ഭൂമി ലഭ്യമല്ലാത്തതാണെന്നും, നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മൂലം സ്ഥലമുടമകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ നിയമം അനുശാസിക്കുന്ന സമഗ്രമായ ഒരു പുനരധിവാസ പാക്കേജിലൂടെ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ പരിഹരിക്കാനാവുമെന്നും, അങ്കമാലി- ശബരി റെയിൽ പദ്ധതി നടപ്പിലാകുമ്പോൾ . രണ്ടായി പകുത്ത് പോകുന്ന പ്രദേശങ്ങളിലെ സ്ഥലവാസികൾക്ക് മാത്രമല്ല ഇന്ധന ലാഭത്തിലൂടെ, യാത്രാചെലവ് കുറയുക,, യാത്രാ സമയലാഭം എന്നിങ്ങനെ സംസ്ഥാനത്ത് പൊതുജനങ്ങൾക്കും ഉണ്ടാവുന്ന നേട്ടങ്ങളും കണ്ക്കിലെടുക്കുമ്പോൾ ടി പദ്ധതി ഒഴിവാക്കാനാവാത്ത പൊതു ആവശ്യമായി കണക്കാക്കി പൊന്നും വില നടപടികൾ തുടരാവന്നതാണെന്നുമുള്ള എസ്.ഐ.എ. യൂണിറ്റായ യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷന് സോഷ്യൽ സർവ്വീസ് സെന്റർ കോതമംഗലം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിലെ പരാമർശം വിദഗ്ദ സമിതി അംഗങ്ങൾ അംഗീകരിച്ച്, ടി പഠന റിപ്പോർട്ട് അംഗീകരിക്കാവുന്നതാണെന്ന് ശുപാർശ ചെയ്ത്കൊണ്ട്, എറണാകുളം ജില്ലാ കളക്ടർ മുമ്പാകെ വിദഗ്ദ സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

പി.എൻ അനി
സ്പെഷ്യൽ തഹസിൽദാർ(എൽ.എ.) റെയിൽവേസ്
പെരുമ്പാവൂർ & ചെർമാൻ, വിദഗ്ദ സമിതി.